"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യൂ.എം.പി - താൽക്കാലിക അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി നോക്കുന്ന ശ്രീ.പ്രവീൺ കെ-യ്ക്ക് വേതന വർദ്ധനവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.734/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- (1) ജി.ഒ.(എം.എസ്.) നം.2/2011/എൽ.എസ്.ജി.ഡി. തീയതി 01.01.2011.

(2) ജി.ഒ.(ആർ.റ്റി) നം.1050/2015/എൽ.എസ്.ജി.ഡി. തീയതി 04.04.2015.

(3) ജി.ഒ.(ആർ.റ്റി) നം.3378/2016/എൽ.എസ്.ജി.ഡി. തീയതി 13.12.2016.

(4) ജി.ഒ.(ആർ.റ്റി) നം.393/2020/എൽ.എസ്.ജി.ഡി. തീയതി 15.02.2020.

(5) ജി.ഒ.(ആർ.റ്റി.) നം. 1420/2020/എൽ.എസ്.ജി.ഡി. തീയതി 29.07.2020

(6) ജി.ഒ.(ആർ.റ്റി.) നം.158/2021/എൽ.എസ്.ജി.ഡി. തീയതി 20.01.2021.

(7) കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്റ്റ് ഡയറക്ടറുടെ 27.09.2025-ലെ 17/2022/KSWMP നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമായിരുന്ന Kerala Local Government Service Delivery Project (KLGSDP)-ൽ പരാമർശം (1) പ്രകാരം, 2011 മുതൽ അനുവദിക്കപ്പെട്ട സപ്പോർട്ടിംഗ് സ്റ്റാഫ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കിയിരുന്ന ശ്രീ. പ്രവീൺ കെ-യെ KLGSDP Phase-II പദ്ധതിയായ Kerala Urban Service Delivery Project (KUSDP)-യിൽ ഓഫീസ് അറ്റൻഡന്റായി തുടരുവാൻ പരാമർശം (4) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. Kerala Urban Service Delivery Project എന്നത് Kerala Solid Waste Management Project (KSWMP) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള

ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ (KSWMP) ശ്രീ. പ്രവീൺ കെ.-യുടെ സേവനം നിലനിർത്തുകയും അത് ഇപ്പോഴും തുടർന്നു പോരുകയും ചെയ്യുന്നുണ്ട്. ഈ സേവന കാലയളവുകളിൽ ശ്രീ. പ്രവീൺ കെ- യുടെ വേതനം പരാമർശം (2),(3),(6) സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം 15,000/- രൂപ, 18,000/- രൂപ, 24,000/- രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ച് നൽകിയിരുന്നു.

(2) കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി.) യിൽ താൽ ക്കാലികാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കുന്ന ശ്രീ.പ്രവീൺ കെ-യുടെ പ്രതിമാസ വേതനം 24,000/- രൂപയിൽ നിന്ന് 33,000/- രൂപയായി ഉയർത്തണമെന്നും 5% വാർഷിക ഇൻക്രിമെന്റ് അനുവദിക്കണമെന്നും പരാമർശം (7) പ്രകാരം കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ ആവശ്യപ്പെടുകയും ഈ ഇനത്തിലുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പ്രൊജക്റ്റ് നടത്തിപ്പിനുള്ള ലോക ബാങ്ക് വിഹിതത്തിൽ നിന്നും കണ്ടെത്താമെന്ന് അറിയിക്കുകയും ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ഡബ്ല്യു.എം.പി.യിൽ താല്ക്കാലികാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി നോക്കുന്ന ശ്രീ.പ്രവീൺ കെ-ക്ക് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന പ്രതിമാസ വേതനം 24,000/- (ഇരുപത്തിനാലായിരം രൂപ) രൂപയിൽ നിന്ന് 30% വർദ്ധനവ് നല്കി 31,200/- (മുപ്പത്തി ഒന്നായിരത്തി ഇരുന്നൂറ് രൂപ) രൂപയായി നിശ്ചയിച്ച് നൽകുന്നതിന് കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും വാർ ഷിക ഇൻക്രിമെന്റ് അനുവദിക്കണമെന്ന ആവശ്യം നിരസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ.&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ധനകാര്യ വകുപ്പ് (E:3357230 : WCD-3/313/2025-FIN)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 13-03-2026 16:46:39

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.